0:.7:.441

Class No: ..........................................................

Name : ..........................................................

**FSE 08**

# FIRST YEAR HIGHER SECONDARY
# SECOND TERMINAL EVALUATION : DECEMBER-2018
## PART-II
## MALAYALAM
### Maximum : 80 Scores

Time : 2½ Hours
Cool-off Time : 15 Minutes

---

<u>വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :</u>

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം'ഉണ്ടായിരിക്കും
- 'കൂൾ ഓഫ് ടൈം'ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാ ഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. **(5×2=10)**

1. "നെടിയ കണ്ണിലെ കൃഷ്ണകാന്തങ്ങൾ തൻ കിരണമേറ്റെന്റെ ചില്ലകൾ പൂത്തതും"

   ഈ വരികളിലെ ആശയത്തെ സൂചിപ്പിക്കുന്ന വാക്യങ്ങൾ ഏതെല്ലാമെന്ന് എടുത്തെഴുതുക.

   - സൂര്യരശ്മികളിൽ കൃഷ്ണകാന്തങ്ങൾ അലിഞ്ഞു.
   - കൃഷ്ണകാന്തങ്ങളുടെ കിരണമേറ്റ് മരച്ചില്ലകൾ പൂത്തുലഞ്ഞു.
   - പ്രണയിനിയുടെ നോട്ടം കാമുകന്റെ ഹൃദയത്തിൽ വൈകാരിക അനുഭൂതി ഉണ്ടാക്കി.
   - പെൺകുട്ടിയുടെ കടാക്ഷം ആകർഷകമായിരുന്നു.

2. 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ' എന്ന ലേഖനത്തിന്റെ രണ്ട് സവിശേഷതകൾ എഴുതുക.

- കാടനുഭവം ആവിഷ്ക്കരിക്കുമ്പോൾ ഭാവനയുടെ നിറം കൂടി ചേരുന്നു.
- ഭാവനയുടെ ഇന്ദ്രജാലം മാത്രം അവതരിപ്പിക്കുന്നു.
- കാട് ഉപഭോഗ വസ്തുവാണെന്ന ധാരണ ജനിപ്പിക്കുന്നു.
- വൈകാരികതയുടെ സ്പർശം ഭാഷയെ ആകർഷകമാക്കുന്നു.

3. ജനപ്രിയ സിനിമകൾക്ക് എതിരെ ഉന്നയിക്കപ്പെടുന്ന പ്രധാന ആക്ഷേപങ്ങൾ എഴുതുക.

- കമ്പോളത്തിനു വേണ്ടി ഉൽപ്പാദിപ്പിക്കപ്പെടുന്ന വിനോദ വിഭവങ്ങളാണ് ജനപ്രിയ സിനിമകൾ.
- ജനപ്രിയ സിനിമ സമൂഹത്തെ പ്രതിഫലിപ്പിക്കുന്നു.
- ജീവിത യാഥാർത്ഥ്യത്തെ അതേപടി അവതരിപ്പിക്കുന്നവയാണ് ജനപ്രിയ സിനിമകൾ.
- യാഥാർത്ഥ്യങ്ങളിൽ നിന്നുള്ള പലായനമാണ് ജനപ്രിയ സിനിമ സാധ്യമാക്കുന്നത്.

4. "കവിത ഈണത്തിൽ പാടാനുള്ള ശ്രമത്തിൽ അവരുടെ ഇടറിയ ഒച്ച വല്ലാതെ നേർത്ത് തൊണ്ടയിലാരോ പിടിച്ച് മുറുക്കിയതുപോലെ ഒരു ഞരക്കമായി തീർന്നു."- ഈ വരികളിലെ ആശയത്തോട് ചേർന്ന് നിൽക്കുന്നവ ഏതെല്ലാമാണ് ?

- തടഞ്ഞു നിർത്തിയ സർഗ്ഗാത്മകത
- പുരുഷാധിപത്യത്തിനുമേലുള്ള വിജയം
- സാധ്യമാകാതെ പോയ സ്ത്രീ മുന്നേറ്റം
- വൃദ്ധയുടെ അവസ്ഥയ്ക്ക് നേർക്കുള്ള പരിഹാസം

5. 'കൈപ്പാട്' എന്ന ആധാര ചിത്രത്തിന്റെ രണ്ട് സവിശേഷതകൾ കണ്ടെത്തെഴുതുക.

- മനുഷ്യൻ പ്രകൃതിയ്ക്ക് ഏൽപ്പിക്കുന്ന ആഘാതങ്ങളെ ദൃശ്യവൽക്കരിക്കുന്നു.
- പ്രകൃതി സൗന്ദര്യവും ജൈവ സമ്പത്തും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നു.
- ജീവജാലങ്ങളുടെ പാരസ്പര്യത്തിന്റെ പ്രാധാന്യം ചിത്രീകരിക്കുന്നു.
- പ്രകൃതിക്ഷോഭങ്ങളെ അവതരിപ്പിക്കുന്നു.

6. താഴെ കൊടുത്തിട്ടുള്ളവയിൽ മത്സ്യത്തിന്റെ അതിജീവനത്തെ സവിശേഷതമാക്കുന്ന രണ്ട് പ്രയോഗങ്ങൾ എഴുതുക.

- ചുട്ടുപഴുത്ത സൂചിപ്പൊട്ടുപോലെ ഓടിക്കൊണ്ടിരിക്കുന്ന..
- വേലിയേറ്റങ്ങളുടെ വൈകുന്നേരങ്ങൾ
- വായ്ത്തലകൾക്ക് അവന്റെ വേഗവും കിട്ടിയില്ല.
- കടലിന്റെ ഭ്രാന്തുപിടിച്ച രക്തം

7 മുതൽ 13 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 ചോദ്യങ്ങൾക്ക് നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ വീതം. **(6×4=24)**

7. "വാക്കിന് ഒരർത്ഥത്തിൽ കവിഞ്ഞ് മറ്റൊരർത്ഥമില്ലെങ്കിൽ അത് കവിതയാകുന്നില്ല". - ഈ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ താഴെക്കൊടുത്തിരിക്കുന്ന കവിതയുടെ വ്യത്യസ്ത അർത്ഥങ്ങൾ കണ്ടെത്തി എഴുതുക.

"പെണ്ണു കാണാൻ പോകുമ്പോൾ
കണ്ണ് മാത്രം പോരാ
കണ്ണാടിയും കൊണ്ടുപോകണം"

8. പുതുതലമുറയ്ക്ക് കേരളത്തിന്റെ പഴയ കാല സാമൂഹിക ചരിത്രം മനസ്സിലാക്കാൻ 'കായലരികത്ത്' എന്ന ഗാന ചിത്രീകരണം എത്രത്തോളം സഹായകമാണ് ? ലഘുകുറിപ്പ് തയ്യാറാക്കുക.

9. ഹസ്നയുടെ ഭാവനാ ലോകത്തെ 'കേൾക്കുന്നുണ്ടോ' എന്ന സിനിമയിൽ അവതരിപ്പിക്കുന്നതെങ്ങനെ ? നിരീക്ഷണങ്ങൾ എഴുതുക.

10. " അവൻ ഒരു കണ്ണാടിയിലും കാഴ്ച്ചയായില്ല " പ്രദർശനങ്ങൾക്ക് പ്രാധാന്യം ഉള്ള ഈ കാലഘട്ടത്തിൽ മത്സ്യത്തിന്റെ നിലപാട് എത്രത്തോളം പ്രസക്തമാണ് ? നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക.

11. പ്രകൃതിയുടെ സൗന്ദര്യം ആസ്വദിക്കാനുള്ള മനുഷ്യന്റെ യാത്രകൾ കാടിന്റെ സ്വഭാവിക താളത്തെ ഇല്ലായ്മ ചെയ്യുന്നുവോ ? - നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

12. ' കൈപ്പാട് ' എന്ന സിനിമയിൽ ഏറ്റവും പ്രസക്തം എന്ന് നിങ്ങൾക്ക് തോന്നിയ ഒരു സന്ദർഭം കണ്ടെത്തി വിശദീകരിക്കുക.

13. എന്റെ ചിരിയ്ക്കകത്തെ ദുഃഖത്തിന്റെ മുഴക്കം അവർ കേൾക്കുന്നില്ല - ഈ പ്രയോഗത്തിൽ നിന്ന് നിങ്ങൾ മനസ്സിലാക്കുന്നതെന്ത് ? വ്യക്തമാക്കുക.

14 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ആറ് സ്കോർ വീതം **(4×6=24)**

14. നാം കാണാതേയും കേൾക്കാതേയും പോകുന്ന കാര്യങ്ങളെ അന്ധയായ പെൺകുട്ടിയിലൂടെ കേൾപ്പിക്കുകയാണോ ''കേൾക്കുന്നുണ്ടോ '' എന്ന ഹ്രസ്വ ചിത്രത്തിലൂടെ സംവിധായിക ചെയ്യുന്നത് ? നിങ്ങളുടെ നിഗമനങ്ങൾ അവതരിപ്പിക്കുക.

15. '' മങ്ങിയ വിരിയിട്ട മേശമേൽ ഇരുന്ന ചെറിയ സ്റ്റീൽ ഫ്ലാസ്ക്ക് ചെറുതായി വിറച്ചു. അരികിലിരുന്ന ഔൺസ് ഗ്ലാസ്സ് മറിഞ്ഞുവീണുരുണ്ടു. അപ്പോൾ ഏതോ ഔഷധത്തിന്റെ ഗന്ധമുയർന്നു. ''

ഓർമ്മയുടെ ഞരമ്പിലെ ഈ സന്ദർഭത്തിന് വൃദ്ധയുടെ ജീവിതാവസ്ഥയുമായി ബന്ധമുണ്ടെന്ന് നിങ്ങൾ കരുതുന്നുണ്ടോ ? - വിശദീകരിക്കുക.

16. ''നിമിഷ നേരത്തേയ്ക്ക് മുഖം കാട്ടുന്ന കഥാപാത്രങ്ങളെപ്പോലും അവിസ്മരണീയമാക്കുന്നതിലുള്ള ഡിസീക്കയുടെ വൈദഗ്ദ്ധ്യം 'സൈക്കിൾ മോഷ്ടാക്കൾ ' എന്ന സിനിമയിൽ കാണാം. '' ഏതെങ്കിലും രണ്ട് കഥാപാത്രങ്ങളെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

17. '' ജാതി, മതം, കുടുംബം, സ്ത്രീ എന്നിവയെക്കുറിച്ചെല്ലാം നിലവിലുള്ള പൊതുബോധത്തെ പുനരുൽപ്പാദിപ്പിക്കുകയാണ് ജനപ്രിയ കച്ചവട സിനിമകൾ '' ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുവോ ? അഭിപ്രായങ്ങൾ വ്യക്തമാക്കുക.

18. ജോനാഥൻ എന്ന കടൽക്കാക്ക, മത്സ്യം എന്നീ കൃതികളിൽ നിന്ന് ആശയം സ്വീകരിച്ച് ''പുതിയ ലോകവും മനുഷ്യ സ്വാതന്ത്ര്യവും '' എന്ന വിഷയത്തിൽ ഒരു പ്രഭാഷണം തയ്യാറാക്കുക.

താഴെ കൊടുത്തിരിക്കുന്ന കവിത വായിച്ച് 19 മുതൽ 21 വരെയുള്ള ചോദ്യങ്ങൾക്ക് ഉചിതമായ ഉത്തരം എഴുതുക. **(3×2=6)**

സന്ധ്യയ്ക്ക് കുളിച്ചെല്ലാ
ശല്യത്തിൽ നിന്നും വേറി-
ട്ടങ്ങു വായിപ്പൂ, ദിവ്യ-
മുറക്കെ ബ്ഭാഗവതം.

നീ വരുന്നില്ലേ, വന്നി-
ങ്ങിരിക്കെ, യെന്നൊക്കെ കേൾക്കാം
താവകസ്വരം, തീയി-
ന്നരികിലെനിക്കപ്പോൾ

വെപ്പുവേലകൾ, തേച്ചു
കഴുകിത്തീരാനാകാ-
തെത്ര പാത്രങ്ങൾ, നാളേ-
യ്ക്കെത്ര കൊച്ചുകാര്യങ്ങൾ.
കരിപറ്റിയ കൈയാൽ
മരണം വരെത്തീരാ-
മഹാഭാഗവതം ഞാൻ
മറിച്ചുവായിക്കുന്നു
മടിയാതെന്നും;
അങ്ങു കേൾക്കുവാൻ വരുന്നില്ല.

(ഭാഗവതം - വിജയലക്ഷ്മി)

19. ഭാഗവത പാരായണം കേൾക്കാൻ വരാൻ കഴിയാത്തതിന് പറയുന്ന കാരണങ്ങൾ എന്തെല്ലാം ? (സ്കോർ 2)

20. എന്നും മറിച്ച് വായിക്കുന്ന മഹാഭാഗവതം സ്വന്തം ജീവിതം തന്നെയാണെന്ന് കവി വ്യക്തമാക്കുന്നതെങ്ങനെ ? (സ്കോർ 2)

21. സ്ത്രീ അവസ്ഥയെക്കുറിച് ഈ കവിത മുന്നോട്ടു വയ്ക്കുന്ന ആശയം എന്ത് ? (സ്കോർ 2)

22 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഒന്നരപ്പുറത്തിൽ ഉത്തരമെഴുതുക. **(2×8=16)**

22. " നാം ഓരോരുത്തരും നഷ്ടപ്പെട്ടതിനെ തിരഞ്ഞുകൊണ്ടിരിക്കുകയാണ്. "

" ഒപ്പം കൈപിടിച്ച് നടക്കുന്ന കുഞ്ഞുങ്ങളാണ് യഥാർത്ഥ സമ്പത്ത് എന്ന് ഈ ചലച്ചിത്രം (സൈക്കിൾ മോഷ്ടാക്കൾ) നമ്മെ തിരിച്ചറിയിക്കുന്നു."

മേൽ സൂചിപ്പിച്ച നിരീക്ഷണങ്ങളെ മുൻ നിർത്തി സൈക്കിൾ മോഷ്ടാക്കൾ എന്ന സിനിമയ്ക്ക് നിരൂപണം തയ്യാറാക്കുക.

23. " ഭദ്രേ, ചിതൽക്കേടിനാൽ
വാടിപ്പോകാതുള്ളിലുണ്ടല്ലോ
നമുക്കൊരു ചെമ്പനീർ തോട്ടം "

(പനിനീർ പൂന്തോട്ടം - വൈലോപ്പിള്ളി)

ഈ വരികളിൽ തെളിയുന്ന ശുഭചിന്തയും ആത്മവിശ്വാസവും അണയാത്ത പ്രതീക്ഷയും " ഊഞ്ഞാലിൽ" എന്ന കവിതയിലും കവി ആവിഷ്കരിക്കുന്നുണ്ടോ ? വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

24. അരികിലാകുമ്പോഴും അപരിചിതത്വവും അകൽച്ചയും ഭാവിച്ച് മൗനത്തിലേയ്ക്ക് പതിക്കുന്ന പ്രണയത്തെയാണോ ബാലചന്ദ്രൻ ചുള്ളിക്കാട് സന്ദർശനത്തിൽ അവതരിപ്പിക്കുന്നത്? കവിതാ സന്ദർഭങ്ങളെ മുൻനിർത്തി നിരൂപണം തയ്യാറാക്കുക.

---